## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2311

18/02/2016-ൽ മറുപടിക്ക്

### കുരങ്ങ് പനി

ചോദ്യം
**ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ**

മറുപടി
**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) വയനാട് ജില്ലയിൽ കുരങ്ങ് പനി റിപ്പോർട്ട് ചെയ്തത് എപ്പോഴാണ് എന്ന് വ്യക്തമാക്കാമോ; | എ), ബി) & സി) | വയനാട് ജില്ലയിൽ 2013 മുതലാണ് കുരങ്ങ് പനി റിപ്പോർട്ട് ചെയ്തത്. വയനാട് ജില്ലയിൽ കുരങ്ങ് പനി പിടിപെട്ട് 2015-ൽ 11 പേർ മരിച്ചു. ഇതിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട 7 പേർ ഉണ്ട്. |
| ബി) വയനാട് ജില്ലയിൽ ഇതുവരെ ഈ രോഗം പിടിപെട്ട് മരിച്ചവരുടെ എണ്ണം ലഭ്യമാക്കാമോ; | | |
| സി)ഇതിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ട് എന്ന് അറിയിക്കുമോ; | | |
| ഡി) രോഗം പ്രതിരോധിക്കുന്നതിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇപ്പോഴും കുരങ്ങ് പനി വയനാട് ജില്ലയിൽ പടരുന്നു എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | ഡി) | വയനാട് ജില്ലയിലെ കുറിച്ചിയാട് വന മേഖലയിലാണ് കുരങ്ങ് പനി സ്ഥിരീകരിച്ചിട്ടുള്ളത്. രോഗം സ്ഥിരീകരിച്ച ദിവസം മുതൽ വനംവകുപ്പ് ജീവനക്കാർക്ക് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. വന പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾക്കിടയിലും മറ്റു ജനവിഭാഗങ്ങൾക്കിടയിലും വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. ആരോഗ്യവകുപ്പ് ജിവനക്കാർ രോഗബാധ റിപ്പോർട്ട് ചെയ്ത ആദിവാസി കോളനികളിൽ ഗൃഹസന്ദർശനം നടത്തി പനിബാധിതരെ കണ്ടെത്തി ആശുപത്രികളിൽ എത്തിച്ചു. കുരങ്ങുമരണങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും |

| | | |
|---|---|---|
| | | ആവശ്യമായ സ്ഥലത്ത് അണുനശീകരണം നടത്തുകയും ചെയ്തു. രോഗ നിർണ്ണയത്തിനായി മണിപ്പാൽ ആശുപത്രിയിലെ വൈറോളജി വിഭാഗം ഒരു പ്രത്യേക സപ്പോർട്ട് യൂണിറ്റ് സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയിൽ ഏർപ്പെടുത്തി. കോഴിക്കോട് മെഡിക്കൽ കോളേജ്, വിംസ് ആശുപത്രി, ജി.എച്ച്. മാനന്തവാടി, ജി.എച്ച്. കല്പറ്റ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി,സുൽത്താൻബത്തേരി എന്നിവയിൽ ചികിത്സാ സൗകര്യം ഉറപ്പാക്കി. സംസ്ഥാന ആരോഗ്യ വകുപ്പ് വിദഗ്ദ്ധ സംഘം രോഗബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. വനം വകുപ്പ് ജീവനക്കാർക്കും, രോഗബാധ സാദ്ധ്യതകൾ കൂടിയ ആദിവാസിവിഭാഗങ്ങൾക്കും കെ.എഫ്.ഡി വാക്സിൻ നൽകി. ആകെ 8000 ഡോസ് വാക്സിൻ വാങ്ങി രോഗസാദ്ധ്യതയുള്ള ആദിവാസികൾക്കും വനംവകുപ്പിലേയും, ആരോഗ്യവകുപ്പിലേയും, മൃഗസംരക്ഷണ വകുപ്പിലെയും ജീവനക്കാർക്കും, പ്രാദേശിക വാസികൾക്കും നൽകി. ആകെ 3720 പേർക്ക് ഒന്നാമത്തെ ഡോസും, 1714 പേർക്ക് രണ്ടാമത്തെ ഡോസും, 1100 പേർക്ക് മൂന്നാമത്തെ ഡോസും വാക്സിൻ നൽകി. സംസ്ഥാനതലത്തിലും മടപ്പള്ളി ഗവ. കോളേജ് ജന്തു ശാസ്ത്ര വിഭാഗത്തിലേയും വിദഗ്ദ്ധരുമായി സംയോജിത നിരീക്ഷണം നടത്തി കുരങ്ങുപനി പരത്തുന്ന പ്രാണികളെ രോഗ ബാധിത പ്രദേശത്ത് നിന്ന് കണ്ടെത്തുകയും അവയുടെ നശീകരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.<br><br>ആകെ 35 ലക്ഷം രൂപ സർക്കാർ രോഗനിയന്ത്രണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചു. 25 ലക്ഷം രൂപ ആരോഗ്യവകുപ്പിൽ നിന്നും 10 ലക്ഷം രൂപ ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. ഈ |

| | | |
|---|---|---|
| | | ഫണ്ടുപയോഗിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. വയനാട് ജില്ലയിൽ ക്യാസന്നൂർ ഫോറസ്റ്റ് രോഗം റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ ഫെബ്രുവരിമാസം ബഹു.പട്ടികവർഗ്ഗ, യുവജനക്ഷേമ വകുപ്പ് മന്ത്രി കുമാരി.പി.കെ.ജയലക്ഷ്മിയും 19-02-15 ന് കർണ്ണാടകയിലേയും തമിഴ് നാട്ടിലേയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തികൊണ്ട് സുൽത്താൻബത്തേരിയിൽ ഒരു ഇന്റർസ്റ്റേറ്റ് മീറ്റിംഗ് നടത്തി രോഗചികിത്സ, നിയന്ത്രണം തുടങ്ങിയവ കൂടുതൽ ഊർജ്ജിതപ്പെടുത്തി. ഈ യോഗത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഉൾപ്പെടെയുള്ള സംസ്ഥാനതലത്തിലും ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥരും പങ്കെടുത്തു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അസിസ്റ്റന്റ് എന്റമോളജി കൺസൾട്ടന്റിന്റെ നേതൃത്വത്തിലുള്ള എന്റമോളജി ടീം രോഗം പരത്തുന്ന ടിക്കുകളുടെ സർവ്വെ നടത്തി കണ്ടുപിടിക്കുകയും ടിക്ക് നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. രോഗബാധയുണ്ടായ വനപ്രദേശത്ത് നിയന്ത്രിതമായ രീതിയിൽ തീയിടൽ, മാലത്തിയോൺ സ് പ്രേയിംഗ് തുടങ്ങിയവ നടത്തി.<br><br>വയനാട് ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. രോഗവാഹകരമായ ചെള്ളുകളെ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങൾ അടയാളപ്പെടുത്തി പ്രതിരോധ നടപടികൾ സ്വീകരിക്കാനായി ഒരു ദീർഘകാല പ്രവർത്തനരേഖ തയ്യാറാക്കി. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

| | | |
|---|---|---|
| ഇ) എങ്കിൽ രോഗം പ്രതിരോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ഇ) | ജില്ലാ കളക്ടറേറ്റിൽ പ്രത്യേക കൺട്രോൾറൂം ആരംഭിക്കുകയും, ജില്ലാകളക്ടറും, ജില്ലാ മെഡിക്കൽ ആഫീസറും സംയുക്തമായി ദൈനംദിന സ്ഥിതിവിവരങ്ങൾ വിലയിരുത്തുകയും ചെയ്തു വരുന്നു. കുരങ്ങുമരണം കാണുന്ന പ്രദേശങ്ങളിൽ മാലത്തിയോൺ കീടനാശിനി വിതറുക, വീട്ടുമൃഗങ്ങളിൽ ലേപനങ്ങൾ തേയ്ക്കാൻ നിർദ്ദേശം നൽകുക, വനം ജീവനക്കാർക്കും, വനങ്ങളിൽ ജോലിയെടുക്കുന്നവർക്കും ഗൗൺ, ഏപ്രിൺ, ഗംബൂട്ട് ഉപയോഗിക്കുവാനും ചെള്ളുകളെ പ്രതിരോധിക്കാൻ ലേപനങ്ങൾ പുരട്ടുന്നത് ശീലമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. കുരങ്ങുകൾ മരിച്ചു കിടക്കുന്നത് കണ്ടാൽ ഉടനടി റിപ്പോർട്ട് ചെയ്യാനും ആരോഗ്യവകുപ്പിലെ വെക്ടർ കൺട്രോൾ വിഭാഗത്തിലെ ജീവനക്കാരുടെ സഹായത്തോടെ അത്തരം പ്രദേശങ്ങളിൽ അണു/ചെള്ള് വിമുക്തമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ വി.സി.ആർ.സി. കോട്ടയവുമായി ചേർന്ന് ചെള്ളുകളെ (ടിക്കുകൾ) നിരീക്ഷിക്കുവാനും അവയിലെ രോഗബാധ കണ്ടെത്തുവാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കുരങ്ങുപനി ചികിത്സാർത്ഥം വ്യക്തമായ ഒരു ചികിത്സ മാർഗ്ഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ രോഗം മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് നേരിട്ട് പകരുന്നതല്ലാത്തതിനാൽ സ്കൂളിൽ പോകുന്ന കുട്ടികളെപ്പറ്റി ആശങ്കപ്പെടേണ്ട കാര്യമില്ല. ഊർജ്ജിതമായ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിയതിനാൽ ജൂൺ മാസത്തിന് ശേഷം പുതിയ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. 29-09-2015 – നും 12-11-2015 – നും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെ സംയോജിത യോഗം വിളിച്ച് കൂട്ടി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണം, വാക്സിനേഷൻ, ശുചീകരണം തുടങ്ങിയവ |

| | | |
|---|---|---|
| | | നടത്തിക്കുകയുണ്ടായി. ഈ വർഷം ഫെബ്രുവരിയിൽ (2016) ൽ മുള്ളൻകൊല്ലി (2) നൂൽപ്പുഴ(1) വനപ്രദേശങ്ങളിൽ ആകെ 3 കുരങ്ങുപനികൾ സ്ഥിരീകരിക്കുകയുണ്ടായി. അതിനെ തുടർന്ന് ഈ പ്രദേശങ്ങളിലെ സ്കൂളുകൾ, വീടുകൾ, സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും, ക്യാമ്പുകളും നടത്തി വരുന്നു. അതിനെ തുടർന്ന് ഈ പ്രദേശങ്ങളിൽ ചികിത്സാ സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ എപ്പിഡമളോജിസ്റ്റിന്റെയും, എന്റമോളജിസ്റ്റിന്റെയും ഒരു ടീം പ്രശ്നബാധിത മേഖലകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും അടിയന്തിര നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങളും, ചെള്ള് നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ